പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 118

23.01.2018 ൽ
മറുപടിക്ക്

# പോലീസ് സേനയുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ. അനിൽ അക്കര | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പോലീസ് സേനയുടെ നവീകരണത്തിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി അത്യന്താധുനിക ക്യാമറകൾ, ആയുധങ്ങൾ, റോഡ് സുരക്ഷാ ഉപകരണങ്ങൾ, റയട്ട് കൺട്രോൾ ഉപകരണങ്ങൾ, ആധുനികമായ ബോഡീ പ്രൊട്ടക്റ്റീവ് ഗിയറുകൾ, Body worn cameras, Unmanned Aerial Vehicles, Speed Radar, Speed Detection Cameras, CCTV Cameras, ക്യാമറ സജ്ജീകരണത്തോടു കൂടിയ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ തുടങ്ങിയവ വിവിധ പോലീസ് യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br><br>പോലീസ് സേനയുടെ ശാക്തീകരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട് 4700ലക്ഷം രൂപ 2017-2018 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ താഴെപ്പറയുന്ന പദ്ധതികളും പോലീസ് സേനയുടെ നവീകരണ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കുക, സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതിക മേഖല വികസിപ്പിക്കുക, മൂന്ന് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ, പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ് വെയറും ഫർണ്ണിച്ചറും വാങ്ങുക, |

| | | | |
|---|---|---|---|
| | | | സ്റ്റേഷനുകളിലെ സ്ഥല സൗകര്യം വർദ്ധിപ്പിക്കുക, നാല് ജില്ലകളിൽ ജില്ലാ കൺട്രോൾ റൂം നിർമ്മിക്കുക, ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം. |
| ബി) | സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ചുമതല എസ്.ഐ.മാരിൽ നിന്നും മാറ്റി സി.ഐ.മാർക്ക് നൽകിയിട്ടുണ്ടോ; | ബി) | ഉണ്ട്. 21.10.2017 തീയതിയിലെ സ.ഉ.(കൈ.) നം.211/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം 196 പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സി.ഐ മാരെ നിയമിച്ചിട്ടുണ്ട്. |
| സി) | കുറ്റാന്വേഷണവും ക്രമസമാധാന പരിപാലനവും രണ്ടായി തിരിച്ച് പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | സി) | ക്രമസമാധാനനില ഭദ്രമാക്കുന്നതിനും കുറ്റാന്വേഷണം കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി സംസ്ഥാനത്ത് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സംവിധാനം ആരംഭിക്കുകയും അവരുടെ കീഴിൽ ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി ഓരോ സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ച് വരികയും ചെയ്യുന്നു. |
| ഡി) | ന്യായമായ കാര്യങ്ങൾക്ക് സമരം ചെയ്യുന്ന സ്ത്രീകളുടെയും കുട്ടികളുടെയും നേരെ പോലീസ് പലപ്പോഴും അനാവശ്യ ബലപ്രയോഗം നടത്തുന്നതായ പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; മനുഷ്യത്വരഹിതമായി പെരുമാറുന്ന ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടാൽ അതിന് ഉത്തരവാദികളാകുന്നവരുടെ പേരിൽ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ